മദ്ധ്യക്കടലാസ്സുകൾ.

* 1311. [32] ശ്രീ. എം. കെ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിലുള്ള ജില്ലകളിൽ മുദ്രക്കടലാസ്സുകൾ അയയ്ക്കുന്നതു ഏതെല്ലാം വിധത്തിലാണ് ;

(ബി) തിരുവനന്തപുരം, കൊച്ചി, മലബാർ എന്നിവിടങ്ങളിലുള്ള ജില്ലകളിൽ മൂന്നുവിധത്തിലാണ് മുദ്രക്കടലാസ്സുകൾ അയയ്ക്കുന്നതു് എന്നറിയുന്നതു ശരിയാണോ ?

(സി) അങ്ങനെ അയയ്ക്കുന്നതുകൊണ്ടു വമ്പിച്ച തുക ഗവണ്മെൻറിനു നഷ്ടമുണ്ടാകുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ ;

(ഡി) അറിയുമെങ്കിൽ ആ നഷ്ടം വരാതെ കഴിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവണ്മെൻറു തയ്യാറാകുമോ ;

(ഇ) ഉണ്ടെങ്കിൽ നടപടി എന്താണ് ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) പോസ്റ്റാഫീസുകൾവഴി രജിസ്റ്റേർഡ് ഉരുപ്പടികളായും, റെയിൽവേ സ്റ്റേഷനുള്ളിടത്തു റയിൽവേപാഴ്സലായും അത്യാവശ്യമുള്ള അവസരങ്ങളിൽ സെൻട്രൽസ്റ്റാമ്പു ഡിപ്പോയിൽനിന്നും പോലീസ് അകമ്പടിയോടുകൂടിയും, ഇപ്പോൾ ഈ മൂന്നുവിധത്തിലാണ് സ്റ്റാമ്പു വിതരണം ചെയ്തുവരുന്നതു്.

(ബി) മേൽപറഞ്ഞ മൂന്നുവിധത്തിലാണ് മുദ്രക്കടലാസ്സുകൾ അയച്ചുവരുന്നതു്.

(സി) അറിവില്ല.

(ഡി, ഇ) ഈ പ്രശ്നം ഉദിക്കുന്നില്ല.

വ്യഭിചാര നിരോധന നിയമപ്രകാരമുള്ള നടപടികൾ.

* 1312. [33] ശ്രീ. കെ. അബൂക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യത്തിനു് നിയമവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

വ്യഭിചാര നിരോധന നിയമപ്രകാരമുള്ള നടപടികളെടുക്കുവാൻ ഏതു് ശ്രേഡിലുള്ള പോലീസു ഉദ്യോഗസ്ഥന്മാരെയാണു് നിശ്ചയിച്ചിട്ടുള്ളതു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

പോലീസ് അസിസ്റ്റൻറ് സൂപ്രണ്ടന്മാരെയും, ഡെപ്യൂട്ടി സൂപ്രണ്ടന്മാരെയുമാണു് നിയമിച്ചിട്ടുള്ളതു് ?

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : നിരോധനാജ്ഞ ഇവിടെ നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ ഈ കല്പന വളരെ കർശനമായിട്ടു നടപ്പിൽ വരുത്തുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : ശ്രദ്ധിക്കാം.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : ഈ ആഫീസറന്മാർതന്നെ ഈ കാറിൽ ഏർപ്പെട്ടാൽ എന്തുചെയ്യും.

(ഉത്തരമില്ല.)

LIBRARY ARCHIVES Kerala Legislative Assembly